നന്വേവമേതദരവിന്ദ വിലോചനാഹ യദ്വൈ ഭവാൻ ഭഗവതോ$f$സദൃശീവിഭ്രമ്ന:
ക്വസ്വേ മഹിമ്ന്യ ഭിരതോ ഭഗവാംസ്ത്ര്യധീശ:
ക്വാഹംഗുണപ്രകൃതിരജ്ഞഗൃഹീതപാദാ **(10–60–34)**
സത്യം ഭയാദിവ ഗുണേഭ്യ ഉരുക്രമാന്ത: ശേതേ സമുദ്ര ഉപലംഭനമാത്ര ആത്മാ
നിത്യം കദിന്ദ്രിയഗണൈ: കൃതവിഗ്രഹസ്ത്വം
ത്വത്സേവകൈർനൃപപദം വിധുതം തമോ$f$ന്ധം **(10–60–35)**
നിഷ്കിഞ്ചനോ നനുഭവാൻ നയതോ$f$സ്തികിഞ്ചി
ദ്യസ്മൈ ബലിം ബലിഭുജോ$f$പിഹരന്ത്യജാദ്യാ:
ന ത്വാ വിദന്ത്യസുതൃപോ$f$ന്തകമാഢ്യതാന്ധാ:
പ്രേഷ്ഠോ ഭവാൻ ബലിഭുജാമപിതേ$f$പി തുഭ്യം **(10–60–37)**

*ശുകമുനി തുടർന്നു:*

അങ്ങിനെ കൃഷ്ണനാൽ സാന്ത്വനിക്കപ്പെട്ട രുഗ്മിണി ഇങ്ങിനെ പറഞ്ഞു. “തീർച്ചയായും ഞാൻ അങ്ങയേപ്പോലെയല്ല. ശരിതന്നെ. അവിടുന്ന് പരംപൊരുളത്രെ. ത്രിമൂർത്തികളാൽ ആരാധിക്കപ്പെടുന്നവൻ. ഞാനോ ഗുണാധിഷ്ഠമായ ദ്രവ്യരൂപയും അജ്ഞാനികളാൽ പരിസേവിക്കപ്പെടുന്നവളും. അങ്ങ് ഭക്തഹൃദയമാവുന്ന സമുദ്രത്തിലാണു വസിക്കുന്നത് എന്നു പറഞ്ഞതു സത്യം. പ്രകൃതിഗുണങ്ങളെ പേടിച്ചാണല്ലോ അവിടെക്കഴിയുന്നത്. ദുഷ്ടരായ ഇന്ദ്രിയങ്ങളുടെ ശത്രുവാണവിടുന്ന്. അവിടുത്തെ സേവകൻമാർപോലും പരമാധികാരം എന്ന ദോഷത്തെ ഉപേക്ഷിക്കുന്നു. അങ്ങ് ആരുടെയുമല്ലാ അങ്ങേയ്ക്ക് ആരും സ്വന്തമായില്ലതാനും (അകിഞ്ചനൻ) കാരണം അവിടുന്നല്ലാതെ മറ്റൊന്നുമില്ലല്ലോ. തങ്ങളുടെ സമ്പത്തുകളാൽ കണ്ണുമൂടപ്പെട്ടവർ അവിടുത്തെ മനസ്സിലാക്കുന്നില്ല.

ഞാൻ എന്റെ ഭർത്താവിനെ തിരഞ്ഞെടുത്തത് അങ്ങ് ഭഗവാനും, അവിടുത്തെ മഹിമകളെ വാഴ്ത്തുന്ന മാമുനിമാർ ഹിംസയും ഹീനകൃത്യങ്ങളും വെടിഞ്ഞവരാണെന്നും അറിഞ്ഞുകൊണ്ടു തന്നെയാണ്. ഈ വിശ്വത്തിലെ എല്ലാറ്റിന്റേയും ആത്മസത്ത അവിടുന്നത്രെ. രാജാക്കൻമാരെയും വില്ലാളികളെയും അവിടുത്തേയ്ക്കു ഭയമാണെന്നു പറഞ്ഞത് നല്ല തമാശയായി. കാരണം ഭൂമിയിലെ ഏറ്റവും ശക്തനായ പോരാളിപോലും അങ്ങയുടെ തൂണീരനാദശ്രവണമാത്രേന വിറച്ചു പോവുന്നു. ഇതിനൊക്കെപ്പുറമേ അവിടുത്തെ പാദാരവിന്ദങ്ങൾ മുക്തിദായകവുമാണല്ലോ. ഏതൊരു വിഡ്ഢിയാണ് ആ പദകമലങ്ങളെ തൊടാൻ അവസരം കിട്ടിയിശേഷം മറ്റുള്ളവരുടെ സഹവാസം ആഗ്രഹിക്കുക? അങ്ങ് കുറച്ച് വീരൻമാരുടെയും രാജാക്കൻമാരുടെയും കാര്യം പറഞ്ഞുവല്ലോ. അവരെല്ലാം തങ്ങളുടെ ഭാര്യമാർക്ക് അടിമകളാണ്. ആ സ്ത്രീകൾക്കോ ആ വീരൻമാർ വെറും വീട്ടുമൃഗങ്ങളെപ്പോലെയുമാണ്. അങ്ങു പറഞ്ഞല്ലോ അങ്ങേയ്ക്ക് സ്ത്രീകളിൽ കമ്പമൊന്നുമില്ലെന്ന്. വിവരമുള്ള ഒരു സ്ത്രീയും ഒരു പുരുഷന്റെ ശരീരത്തെ ഭർത്താവായി വരിക്കയില്ല. കാരണം, ശരീരമെന്നാൽ രക്ത-മല-മൂത്രങ്ങളുടെ സഞ്ചയമായ ഒരു ചെളിക്കൂമ്പാരമാണല്ലോ. ഞാൻ ആഗ്രഹിക്കുന്നത് അവിടുത്തെ പാദാരവിന്ദങ്ങളിൽ നിന്നുമൊഴുകുന്ന നറും തേൻ മാത്രമാണ്.

ഇതു കേട്ട് സംപ്രീതനായ കൃഷ്ണൻ രുഗ്മിണിയെ ശ്ലാഘിച്ചു. “ഞാൻ നിന്നെ ഒന്നു കളിയാക്കിയതാണ്. എന്റെ വാക്കുകളുടെ ഉന്നതമായ അർത്ഥം നിനക്ക് മനസ്സിലായിരിക്കുന്നു. നിന്റെ തീരുമാനങ്ങൾ ആലോചിച്ചുറച്ചവ തന്നെ. മുക്തിസാധകമായ എന്റെ സാമീപ്യം ലഭിച്ചശേഷവും ലൗകീകസുഖങ്ങൾക്കായി പ്രാർത്ഥിക്കുന്നവർ വിഡ്ഢികൾ തന്നെ, സംശയമില്ല. ജ്ഞാനികൾ മുക്തിപദം മാത്രമേ ആഗ്രഹി ക്കയുള്ളു.”

ഈ മട്ടിൽ കൃഷ്ണൻ തന്റെ സഹധർമ്മിണികളേവരുമായി ലീലയാടി. സ്വയം നാമരൂപാദിരഹിതനും യാതൊരുവിധ ആനന്ദാനുഭൂതികളും ആവശ്യമില്ലാത്തവനുമെങ്കിലും ഭഗവാൻ അവരോടെല്ലാം ഒത്തുരമിച്ച് വിളയാടി.